പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1873 — 17-03-2015 – ൽ മറുപടിയ്ക്ക്

**വൈപ്പിനിലെ ഓഷ്യനേറിയം പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പിലാക്കുന്നതിന് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും, പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും സമർപ്പിച്ച വിശദാംശവും വ്യക്തമാക്കുമോ; | എ) | വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പിലാക്കുന്നതിന് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. 11-04-14 തീയതിയിലെ ഫിർമ ഒ.സി.എം/2007 നമ്പർ കത്ത് പ്രകാരം സ്റ്റേറ്റ് എൻവിയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചു. |
| ബി) | ഈ പദ്ധതി സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച തീയതി എന്നാണെന്നും ഇത് സംബന്ധിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ; | ബി) | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി പുതുക്കി ലഭിക്കുന്നതിന് 24.01.2014-ന് അപേക്ഷ സമർപ്പിച്ചു. നമ്പർ PCB/HO/EKM/ICE-R/21/2014 തീയതി 07.10.2014 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ലഭിച്ചു. |
| സി) | പദ്ധതിക്കായി ഗ്ലോബൽ ടെണ്ടർ വിളിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | സി) | പാരിസ്ഥിതിക അനുമതിയും തീരദേശ പരിപാലനം നിയമപ്രകാരമുള്ള അനുമതിയും ലഭിച്ചതിന് ശേഷം ആഗോള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ